# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3491** | 21-12-2012-ൽ മറുപടിക്ക്

### കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി.എസ്.ജയലാൽ** | **ഡോ.എം.കെ.മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം റെയിൽവേ, നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള സർക്കാരിന്റെ ഏതാനും ഓപ്പറേഷണൽ കൺസ്ട്രക്ഷനുകളെ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ചട്ടം 10 പ്രകാരം ഏതാനും നിർമ്മാണ പ്രവർത്തികൾക്ക് പെർമിറ്റ് ആവശ്യമില്ലെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ചട്ടം 62 മുതൽ 65 വരെയുള്ള വ്യവസ്ഥകൾ പ്രകാരം ചെറു പ്ലോട്ടുകളിലെ കെട്ടിടങ്ങൾക്ക് ഇളവുകൾ നൽകിയിട്ടുണ്ട്. സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്ക് വേണ്ടി നിർദ്ദിഷ്ട ഏജൻസികൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഇളവുകൾ നൽകിയിട്ടുണ്ട്. (ചട്ടം 72 മുതൽ 76 വരെ). റോഡ് വികസനത്തിന് സൗജന്യമായി ഭൂമി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണത്തിനും ചട്ടം 77 മുതൽ 82 വരെയുള്ള വ്യവസ്ഥകൾ പ്രകാരം ഇളവുകൾ നൽകിയിട്ടുണ്ട്. ട്രൈബൽ ഏരിയയിലുള്ള നിർമ്മാണങ്ങൾക്ക് ബാധകമായ ലഘൂകൃത വ്യവസ്ഥകൾ ചട്ടം 98 മുതൽ 100 വരെയുള്ള വ്യവസ്ഥകളിൽ പ്രതിപാദിക്കുന്നുണ്ട്.<br>നഗരവൽക്കരണ പ്രവണത കുറഞ്ഞ കാറ്റഗറി II ൽ ഉൾപ്പെടുന്ന പഞ്ചായത്തിൽ നിർമ്മിക്കുന്ന കുടിലുകൾ, കോഴിവളർത്തൽ ഫാമുകൾ, മൃഗ സംരക്ഷണ ഫാമുകൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പാലിക്കേണ്ട ലഘൂകൃത വ്യവസ്ഥകൾ ചട്ടം 132, 133 എന്നിവയിൽ പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ